* ഗോവധ നിരോധനത്തിനായി നിയമനിർമാണം നടത്തിയ ആദ്യ ഇന്ത്യൻ സംസ്ഥാന നിയമസഭ മഹാരാഷ്ട്രയിലേതാണ് (1995).
* 1970 കളിൽ ഇന്ത്യയിലാദ്യമായി എംപ്ലോയ്മെന്റ് ഗ്യാരന്റി ആക്ട് നടപ്പാക്കിയ സംസ്ഥാനം.
* ഇന്ത്യയിലെ ഏറ്റവും കൂടുതൽ ലാർജ് ഡാമുകൾ (ഫൗണ്ടേഷൻ മുതൽ 15 മീറ്ററിലധികം ഉയരം) ഉള്ള സംസ്ഥാനം.
* നിയമസഭയിൽ അവതരിപ്പിക്കുന്നതിന് ചോദ്യങ്ങളും പ്രമേയങ്ങളും അയക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയ ആദ്യ ഇന്ത്യൻ സംസ്ഥാനമാണ് മഹാരാഷ്ട്ര.
* ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും വലിയ സാമ്പത്തിക വ്യവസ്ഥ മഹാരാഷ്ട്രയുടേതാണ്.
* സാമൂഹിക തിന്മകൾക്കെതിരെ രണ്ടാം ക്വിറ്റിന്ത്യാ പ്രസ്ഥാനം പ്രഖ്യാപിച്ച സംസ്ഥാനം (2016).
* എല്ലാ ജില്ലകളിലും സൈബർ പൊലീസ് സ്റ്റേഷൻ സ്ഥാപിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനം (2016).
* ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഇ–വേസ്റ്റ് പുറന്തള്ളുന്ന സംസ്ഥാനം.

## മണിപ്പൂർ




* ഇന്ത്യയുടെരത്നം എന്ന് ജവാഹർലാൽ നെഹ്റു വിശേഷിപ്പിച്ച സംസ്ഥാനം
* പോളോ കളി ഉദ്ഭവിച്ച സംസ്ഥാനം.
* കിഴക്കിന്റെ സ്വിറ്റ്സർലൻഡ് എന്ന് മണിപ്പൂരിനെ വിശേഷിപ്പിക്കാറുണ്ട്.
* ഓക് തസർ (Oak Tasar) വ്യവസായം ആരംഭിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം

## മേഘാലയ

* കിഴക്കിന്റെ സ്കോട്ലൻഡ് എന്നറിയപ്പെടുന്ന സംസ്ഥാനം
* മേഘങ്ങളുടെ പാർപ്പിടം എന്നറിയപ്പെടു




ന്ന സംസ്ഥാനം
* ഇന്ത്യൻ റെയിൽവേ ഭൂപടത്തിൽ ഏറ്റവുമൊടുവിൽ സ്ഥാനം പിടിച്ച വടക്കു കിഴക്കൻ സംസ്ഥാനം

## മിസൊറാം

* ഇന്ത്യയിൽ ഇരുപത്തിമൂന്നാമതായി രൂപം




കൊണ്ട സംസ്ഥാനം.
* ഇന്ത്യൻ സംസ്ഥാനങ്ങളിൽ കുന്നുകളിൽ വസിക്കുന്നജനങ്ങളുടെ നാട് എന്ന് പേരിനർഥമുള്ള സംസ്ഥാനം
* നിലവിലുള്ള കണക്കുപ്രകാരം ശതമാനാടിസ്ഥാനത്തൽ ഏറ്റവും കൂടുതൽ വനഭൂമിയുള്ള സംസ്ഥാനം
* 2011 സെൻസസ് പ്രകാരം സാക്ഷരതയിൽ മിസൊറമിന് ഇന്ത്യയിൽ രണ്ടാം സ്ഥാനമാണ് (91.58%).
* ഇന്ത്യയിൽ ഹിന്ദുക്കൾ ഏറ്റവും കുറവുള്ള സംസ്ഥാനം.

## നാഗാലാൻഡ്

* ഇന്ത്യയിൽ പതിനാറാമതായി രൂപംകൊണ്ട സംസ്ഥാനം (1963 ഡിസംബർ 1).
* അസം കഴിഞ്ഞാൽ വടക്കു കിഴക്കൻ ഇന്ത്യയിൽ സംസ്ഥാനപദവി ലഭിച്ച ഭരണഘടകം.
* 2011 സെൻസസ് പ്രകാരം ഇന്ത്യൻ സംസ്ഥാനങ്ങളിൽ ജനസംഖ്യാവർധനനിരക്ക് ഏറ്റവും കുറവ്.
* 2011 സെൻസസിൽ നെഗറ്റീവ് ജനസംഖ്യാ വളർച്ചാനിരക്ക് രേഖപ്പെടുത്തിയ ഏക സം




സ്ഥാനം
* ബാപ്റ്റിസ്റ്റുകൾ പ്രധാനവിഭാഗമായ ലോകത്തിലെ ഏക സ്റ്റേറ്റ് (the only predominantly Baptist state in the world) എന്നറിയപ്പെടുന്നത് നാഗാലാൻഡാണ്.
* ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയായിട്ടുള്ള ഇന്ത്യൻ സംസ്ഥാനം.
* ക്രിസ്ത്യാനികൾ ശതമാനാടിസ്ഥാനത്തിൽ ഏറ്റവും കൂടുതലുള്ള സംസ്ഥാനം.
* പഞ്ചായത്ത് രാജ് സംവിധാനം ഇല്ലാത്ത സംസ്ഥാനം.
* ഫാൽക്കൺ ക്യാപിറ്റൽ ഓഫ് ദ വേൾഡ് എന്നറിയപ്പെടുന്ന സംസ്ഥാനം.
* ലാൻഡ് ഓഫ് ഫെസ്റ്റിവൽസ് എന്നറിയപ്പെടുന്ന സംസ്ഥാനം.

# ചില പ്രധാന ദിനങ്ങൾക്കുപിന്നിൽ

**നിയമസാക്ഷരതാദിനം (നവംബർ 9):** 1987–ലെ ലീഗൽ സർവീസസ് അതോറിറ്റി ആക്ടിന്റെ 1994–ലെ ഭേദഗതിക്കൊടുവിൽ 1995 നവംബർ 9–നാണ് നാഷണൽ ലീഗൽ സർവീസസ് അതോറിറ്റി നിലവിൽവന്നത്.

**ദേശീയ വിദ്യാഭ്യാസദിനം (നവംബർ 11):** സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ വിദ്യാഭ്യാസ മന്ത്രിയായിരുന്ന മൗലാനാ അബുൾ കലാം ആസാദിന്റെ ജന്മദിനം.

യൂണിവേഴ്സിറ്റി ഗ്രാൻഡ്സ് കമ്മിഷൻ സ്ഥാപിക്കാൻ ഇദ്ദേഹമാണ് മുൻകൈയെടുത്തത്.

**നവംബർ 12 ദേശീയ പക്ഷി നിരീക്ഷണദിനം–** പ്രശസ്ത ഓർണിത്തോളജിസ്റ്റായ ഡോ. സാലിം അലിയുടെ ജന്മദിനമായ നവംബർ 12 ആണ് ദേശീയ പക്ഷി നിരീക്ഷണ ദിനം.

**ശിശുദിനം (നവംബർ 14):** ജവാഹർലാൽ നെഹ്റുവിന്റെ (1889–1964) ജന്മദിനം. 1957 മുതലാണ് ഇത് ആരംഭിച്ചത്.

**ദേശീയോദ്ഗ്രഥനദിനം (നവംബർ 19):** ഇന്ദിരാഗാന്ധിയുടെ ജന്മദിനം. ജവാഹർലാൽ നെഹ്റുവിന്റെയും കമലാ നെഹ്റുവിന്റെയും ഏകമകളായി 1917 നവംബർ 19–ന് അലഹാബാദിലാണ് ഇന്ദിര ജനിച്ചത്.

**നിയമദിനം/ഭരണഘടനാ ദിനം (നവംബർ 26):** ഇന്ത്യൻ ഭരണഘടനാ നിർമാണസഭ 1949 നവംബർ 26–നാണ് ഭരണഘടന അംഗീകരിച്ചത്. ഇതിന്റെ സ്മരണയ്ക്കാണ് നവംബർ 26 നിയമദിനമായും ഭരണഘടനാദിനമായും ആചരിക്കുന്നത്.

**ദേശീയ ക്ഷീരദിനം (നവംബർ 26):** ഇന്ത്യയിലെ ക്ഷീരവിപ്ലവത്തിന്റെ പിതാവായ ഡോ.വർഗീസ് കുര്യന്റെ ജന്മദിനം.

**മഹാപരിനിർവാണ ദിനം (ഡിസംബർ 6):** ഡോ.അംബേദ്കറുടെ ചരമദിനം.

**നാവിക സേനാ ദിനം (ഡിസംബർ 4):** 1971 ഡിസംബർ നാലിന് ഓപ്പറേഷൻ ട്രൈഡന്റ് എന്ന സൈനിക നീക്കത്തിലൂടെ ഇന്ത്യൻ നേവി കറാച്ചി തുറമുഖത്ത് വിജയകരമായി ബോംബാക്രമണം നടത്തിയതിന്റെ സ്മരണയ്ക്കാണ് ഡിസംബർ നാല് നാവിക സേനാ ദിനമായി ആചരിക്കുന്നത്.

**വിജയ് ദിവസ് ഡിസംബർ 16 :** 1971–ലെ ഇന്തോ–പാക് യുദ്ധവിജയത്തിന്റെ സ്മരണയ്ക്കാണ് വിജയ് ദിവസ്.

**ഗോവ വിമോചനദിനം (ഡിസംബർ 19):** ഓപ്പറേഷൻ വിജയ് എന്ന സൈനികനടപടിയിലൂടെ ഗോവയെ പോർച്ചുഗീസ് ആധിപത്യത്തിൽനിന്ന് മോചിപ്പിച്ച ദിവസമാണ് ഡിസംബർ 19.

**ദേശീയ ഗണിതശാസ്ത്രദിനം (ഡിസംബർ 22):** പ്രമുഖ ഗണിതശാസ്ത്രജ്ഞനായ രാമാനുജന്റെ ജന്മദിനമാണ് ഡിസംബർ 22. തമിഴ്നാട് സർക്കാർ ഈ ദിനം സംസ്ഥാന ഐ.ടി.ദിനമായി ആചരിക്കുന്നു.

**കിസാൻ ദിവസ് (ഡിസംബർ 23):** മുൻ പ്രധാനമന്ത്രി ചരൺസിംഗിന്റെ ജന്മദിനം. ഇദ്ദേഹത്തിന്റെ സമാധി കിസാൻഘട്ട് എന്നറിയപ്പെടുന്നു.

**ഗുഡ് ഗവേണൻസ് ഡേ അഥവാ സദ്ഭരണദിനം (ഡിസംബർ 25):** മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ ജന്മദിനം.

**കേരളത്തിലെ ദിനങ്ങൾ**

**ജൂൺ 19 വായനാദിനം:** കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ അമരക്കാരനായിരുന്ന പി.എൻ.പണിക്കരുടെ ചരമദിനമായ ജൂൺ 19 വായനാദിനമായി ആചരിച്ചുപോരുന്നു.

**ആഗസ്റ്റിലെ രാം ശനിയാഴ്ച:** ആലപ്പുഴ ജില്ലയിൽ പുന്നമടക്കായലിൽ എല്ലാ വർഷവും നെഹ്റു ട്രോഫി വള്ളംകളി സംഘടിപ്പിക്കുന്നു.

**സെപ്തംബർ 14 ഗ്രന്ഥശാലാദിനം:** കേരളത്തിൽ ഇന്നുകാണുന്ന തരത്തിലുള്ള സംഘടിത ഗ്രന്ഥശാലാ പ്രസ്ഥാനം ജന്മംകൊത് 1945 സെപ്തംബർ 14ന് ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ പി.കെ. മെമ്മോറിയൽ ഗ്രന്ഥശാലയിൽ വച്ചാണ്. ഈ ദിനം എല്ലാ വർഷവും ഗ്രന്ഥശാലാദിനമായി ആചരിച്ചുപോരുന്നു.

**ഒക്ടോബർ 13 സംസ്ഥാന കായികദിനം:** കേരളത്തിന്റെ കായികരംഗത്തിന്റെ പിതാവായ ജി.വി. രാജയുടെ ജന്മദിനമായ ഒക്ടോബർ 13 കായികദിനമായി ആചരിക്കുന്നു.

**തത്ത്വചിന്തകദിനം:** ആദിശങ്കരന്റെ ജന്മദിനം തത്ത്വചിന്തകദിനമായി ആചരിക്കുന്നു. ഇതിന് കൊല്ലവർഷത്തീയതിയാണ് പരിഗണിക്കുന്നത്. 2005 െ മയ് 13–നാണ് ഇത് ആദ്യമായി ആചരിച്ചത്.

**ശ്രീനാരായണഗുരു ജയന്തി:** ചിങ്ങമാസത്തിലെ ചതയം നാളിൽ ആചരിക്കുന്നു.

**ശ്രീനാരായണഗുരു സമാധി:** കന്നിമാസം അഞ്ചാം തീയതി ആചരിക്കുന്നു.

* ചിങ്ങമാസത്തിലെ അത്തം ദിനത്തെയാണ് കേരള സർക്കാർ കൈത്തറി ദിനമായി ആചരിക്കുന്നത്.
* നവംബർ ഒന്നിനാണ് കേരള സർക്കാർ ശ്രേഷ്ഠഭാഷാ ദിനം ആചരിക്കുന്നത്.
* ഡിസംബർ 31 ന് തുഞ്ചൻ ദിനം ആചരിക്കുന്നു.

PSC HUNT